**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1149** **07-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പ് തലശ്ശേരി മണ്ഡലത്തിൽ നടത്തുന്ന പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പ് കിഫ്ബി മുഖാന്തരം തലശ്ശേരി മണ്ഡലത്തിൽ നടത്തുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഇവയുടെ പൂർത്തീകരണത്തിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ? | (എ) | വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**തലശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖേന നടത്തുന്ന പ്രവൃത്തികൾ**

**റോഡുകൾ**

1. **തിരുവങ്ങാട് ചമ്പാട് റോഡ്**

പ്രസ്തുത പ്രവൃത്തിക്ക് 15 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 69.79 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാംഗീകാരവും ലഭിക്കുകയുണ്ടായി. നിലവിൽ പ്രവൃത്തിയുടെ സ്ഥലമേറ്റെടുപ്പിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. **തലശ്ശേരി കൊടുവള്ളി മാമ്പ്രം എയർപോർട്ട് കണക്ടിവിറ്റി റോഡ്**

പ്രസ്തുത പ്രവൃത്തിക്ക് 30/12/2017 തീയതിയിലെ സ.ഉ.(സാധാ) നം.74/2017/പൊ.മ.വ പ്രകാരം തത്വത്തിലുള്ള ഭരണാനുമതി ലഭിച്ചു. ടി പ്രവൃത്തിയുടെ ഡി.പി.ആർ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. കിഫ്ബിയിൽ നിന്നും ലഭ്യമാക്കിയ ടെക്ക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് പ്രകാരമുള്ള രേഖകൾ തയ്യാറാക്കി വരുന്നു.

3. **പെരിങ്ങത്തൂർ-മേക്കുന്ന് പാനൂർ പൂക്കോട് കൂത്തുപറമ്പ മട്ടന്നൂർ എയർപോർട്ട് കണക്ടിവിറ്റി റോഡ്**

പ്രസ്തുത പ്രവൃത്തിക്ക് 30/12/2017 തീയതിയിലെ സ.ഉ (സാധാ)നം.74/2017/പൊ.മ.വ പ്രകാരം തത്വത്തിലുള്ള ഭരണാനുമതി ലഭിച്ചു. ടി പ്രവൃത്തിയുടെ ഡി.പി.ആർ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. കിഫ്ബിയിൽ നിന്നും ലഭ്യമാക്കിയ ടെക്ക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് പ്രകാരമുള്ള രേഖകൾ തയ്യാറാക്കി വരുന്നു.

4. **വള്ളിത്തോട് അമ്പായത്തോട് ഹിൽ ഹൈവേ**

പ്രസ്തുത പ്രവൃത്തിയ്ക്ക് മലയോര ഹൈവേയിൽ ഉൾപ്പെടുത്തി 3500 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 50.47 കോടി രൂപയുടെ കിഫ്ബിയുടെ ഭരണാനുമതിയും

ലഭിച്ചു. പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് 83-മത് ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുകയും ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്വെയർ മുഖേന ലഭ്യമാക്കുന്ന മുറയ്ക്ക് സാങ്കേതിക അംഗീകാരം നൽകി ടെണ്ടർ ചെയ്തു പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

**പാലങ്ങൾ**

**1. കുണ്ടുചിറ പാലം**

പ്രസ്തുത പ്രവൃത്തിക്ക് 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 10.17 കോടി രൂപയുടെ കിഫ്ബിയുടെ സാമ്പത്തികാനുമതിയും ലഭിച്ചു. ഇൻലാന്റ് നാവിഗേഷൻ റൂട്ട് ആയതിനാൽ അലൈൻമെന്റിൽ വ്യത്യാസം വരുന്നത് കൊണ്ട് അഡിഷണൽ ഇൻവെസ്റ്റിഗേഷൻ ചെയ്യുകയുണ്ടായി. ആയതു പ്രകാരം ഡിസൈൻ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**2. പുളിഞ്ചോളിക്കടവ് പാലം**

പ്രസ്തുത പ്രവൃത്തിക്ക് 10 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി ലഭിച്ചു. പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു. ഇൻലാൻഡ് നാവിഗേഷൻ റൂട്ട് ആയതിനാൽ അലൈൻമെന്റിൽ വ്യത്യാസം വരുന്നത് കൊണ്ട് റീഡിസൈൻ ചെയ്യേണ്ടതുണ്ട്. ഡിസൈൻ പുതുക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**2. വട്ടോളി പാലം & ചേക്കു പാലം**

പ്രസ്തുത പ്രവൃത്തിക്ക് 35 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി ലഭിച്ചു. 8.83 കോടി രൂപയുടെ കിഫ്ബിയുടെ സാമ്പത്തികാഗീകാരം ലഭിക്കുകയും 8.29 കോടി രൂപയ്ക്ക് കരാർ നൽകുകയും ചെയ്തു. നിലവിൽ വട്ടോളി പാലം 80% ഉം ചേക്കു പാലം 40% ഉം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ടി പ്രവർത്തിയുടെ അംഗീകരിച്ച ഡിസൈൻ മാറ്റേണ്ട സാഹചര്യം ഉണ്ടാവുകയും, ആയതിനാൽ കരാർ എസ്റ്റിമേറ്റിൽ മാറ്റം

വരുത്തേണ്ടിയും വന്നു. കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പാലങ്ങളുടെ പണി പൂർത്തീകരിക്കാൻ സാധിക്കും.

## കെട്ടിടങ്ങൾ

### 1. കിഫ്ബി പട്ടികജാതി വികസന വകുപ്പ്-കണ്ണൂർ ജില്ലയിലെ കതിരൂരിൽ 30 ആൺകുട്ടികൾക്ക് പ്രീ-മെട്രിക്ക് ഹോസ്റ്റൽ നിർമ്മാണം

കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി റീ-ടെണ്ടർ ചെയ്യുകയും പൊതുമരാമത്ത് കരാറുകാരന് ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ എല്ലാ സ്ട്രക്ചറൽ പ്രവൃത്തികളും പ്ലാസ്റ്ററിംഗും പൂർത്തീകരിച്ചു. പെയിന്റിംഗ് ഫ്ലോറിംഗ് പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. ബാക്കിയുള്ള എല്ലാ പ്രവൃത്തികളും നവംബർ 30 ന് മുമ്പ് പൂർത്തീകരിക്കുന്ന രീതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

### 2.കണ്ണൂർ ജില്ലയിലെ തലശ്ശേരിയിൽ ജില്ലാ കോടതി സമുച്ചയ നിർമ്മാണം

കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്ത് പൊതുമരാമത്ത്, കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചിട്ടുണ്ട്. എട്ട് നിലകളിലുള്ള ടി കെട്ടിടത്തിന്റെ സെല്ലാർ ഫ്ലോർ റൂഫ് പ്രവൃത്തികൾ ഉൾപ്പെടെ 30% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. തുടക്കത്തിൽ അൽപം തടസ്സങ്ങൾ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ തടസ്സങ്ങളെല്ലാം മാറി കെട്ടിടത്തിന്റെ പ്രവൃത്തികൾ വളരെ വേഗത്തിൽ നടക്കുന്നുണ്ട്. പൂർത്തീകരണ കാലാവധിയായ 14.09.2022 ന് മുമ്പ് തന്നെ എല്ലാ പണികളും പൂർത്തീകരിക്കാൻ സാധിക്കുന്ന രീതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.